# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP-P-6/702/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 16/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP-P-6/702/2022 തീയ്യതി: 16/07/2022

## ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-01-2020 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ , ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്. സി.എസ്സ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ. സി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രൊഫ. സി.വാസുദേവൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി കെ .ദീപ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ഹരികുമാർ.കെ.ബി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. പ്രീതാകുമാരി.ബി | കൃഷിഓഫിസർ | 01-04-2020 | 14-09-2020 |
| ശ്രീമതി. പൂജ.വി.നായർ | കൃഷിഓഫിസർ | 15-09-2020 | 31-03-2021 |
| ശ്രീമതി.അമിത.സി.എ | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.സ്മിത.ജി | മെഡിക്കൽ ഓഫിസർ .പി.എച്ച്,സി | 01-04-2020 | 31-03-2021 |
| ഡോ.സവിത.എസ്സ് | മെഡിക്കൽ ഓഫിസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.അമൃത | മെഡിക്കൽ ഓഫിസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുജാത | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ഡോ.എസ്സ്.ജെ.ലേഖ | വെറ്ററിനറി സർജൻ | 01-04-2020 | 03-06-2020 |
| ഡോ. സന്തോഷ്കുമാർ | വെറ്ററിനറി സർജൻ | 04-06-2020 | 03-10-2020 |
| ഡോ.സിന്ധു ബാലൻ | വെറ്ററിനറി സർജൻ | 04-10-2020 | 16-11-2020 |
| ഡോ.പ്രിയ ശിവറാം | വെറ്ററിനറി സർജൻ | 17-11-2020 | 19-01-2021 |
| ഡോ.ജേക്കബ് വർഗ്ഗീസ് | വെറ്ററിനറി സർജൻ | 20-01-2021 | 01-02-2021 |
| ഡോ.വിനയകുമാർ | വെറ്ററിനറി സർജൻ | 23-02-2021 | 31-03-2021 |
| ശ്രീമതി റിഷി.എസ്സ് | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.ജയകുമാർ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ഷൈലജ.ഒ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഐശ്വര്യ.ആർ.കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജോൺസി ജോർജ് | അസി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Rajeev R (Deputy Director, On 16-07-2022) | 1-2 |
| 3 | വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 04-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 03-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 03-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 03-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 03-07-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-9 |
| 11 | വസ്തുനികുതി - കേന്ദ്രീകൃത ശീതീകരണ സംവിധാനം ഏർപ്പെടുത്തിയ വിവരം കെട്ടിടഉടമ ഗ്രാമപഞ്ചായത്തിനെ അറിയിച്ചില്ല- അടിസ്ഥാനവസ്തുനികുതിയിലെ വർദ്ധനവ് ബാധകമാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-10 |
| 12 | വസ്തുനികുതി- മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് ബാധകമാക്കിയ അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ചില കെട്ടിടങ്ങൾ ഒഴിവാക്കപ്പെട്ടു<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-11 |
| 13 | അനധികൃത നിർമ്മാണം -പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 04-07-2022) | 1-12 |
| 14 | ആശുപത്രി കെട്ടിടം എന്ന നിലക്ക് സഞ്ചയയിൽ ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടം ലോഡ്ജിംഗ് കെട്ടിടം എന്ന നിലയിൽ പ്രവർത്തിക്കുന്നു.<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-13 |

| | | |
|---|---|---|
| 15 | വസ്തുനികുതി ചുമത്തപ്പെടാത്ത നിരവധി ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നത് തനത് വരുമാനചോർച്ചക്കിടയാക്കുന്നു.<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-14 |
| 16 | വസ്തുനികുതി -റോഡ് സൌകര്യം പരിഗണിക്കാതെ വസ്തുനികുതി ചുമത്തിയത് വരുമാന ചോർച്ചക്കിടയാക്കി<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-15 |
| 17 | ആകെ വിസ്തൃതിക്കനുസൃതമായിട്ടുളള വസ്തുനികുതി നിരക്ക് ചുമത്തിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-16 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി -വിശദീകരണം ലഭ്യമാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 01-07-2022) | 1-17 |
| 19 | തൊഴിൽ നികുതി-എല്ലാ സ്ഥാപനങ്ങളെയും സ്ഥാപനങ്ങളിലെ ജീവനക്കാരെയും ഡിമാൻഡ് ചെയ്യുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-18 |
| 20 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-19 |
| 21 | കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങളോ മാവേലി സ്റ്റോറോ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നേടിയല്ല പ്രവർത്തിക്കുന്നത്-തനത് വരുമാനചോർച്ച<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 04-07-2022) | 1-20 |
| 22 | ടെണ്ടർഫിസ് 95824/- രൂപ ഗ്രാമപഞ്ചായത്ത് തനതുഫണ്ടിലേക്ക് മുതൽകൂട്ടിയില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 29-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 01-07-2022) | 1-21 |
| 23 | ഇ.എം.എസ് ഭവനനിർമ്മാണപദ്ധതിക്കായി ആരംഭിച്ച അക്കൌണ്ടിൽ അവശേഷിക്കുന്ന പണം സംബന്ധിച്ച വിവരങ്ങൾ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലഭ്യമാക്കുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 04-07-2022) | 1-22 |
| 24 | അനുപൂരക പോഷകാഹാര പരിപാടി-വാങ്ങുന്ന ഭക്ഷ്യസാധനങ്ങളുടെ വിലനിലവാരവും ഗുണമേന്മയും ഉറപ്പുവരുത്തുന്നില്ല.<br>Written By: Sreekanth C.S (Asst. Audit Officer, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 01-07-2022) | 1-23 |
| 25 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 29-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 01-07-2022) | 1-24 |
| 26 | വീട് മെയിന്റനൻസ്-വീടിന്റെ കാലപ്പഴക്കം ഉറപ്പുവരുത്തിയിട്ടില്ല<br>Written By: Sreekanth C.S (Asst. Audit Officer, On 30-06-2022)<br>Last Updated By: Sreekanth C.S (Asst. Audit Officer, On 30-06-2022) | 1-25 |
| 27 | ഗുണഭോക്തൃവിഹിതം മാത്രം ചെലവഴിച്ച-പദ്ധതികളുടെ തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 29-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-26 |

| | | |
|---|---|---|
| 28 | സർക്കാർ മാർഗ്ഗരേഖ ലംഘിച്ച് മരുന്നുകളുടെ ലോക്കൽ പർച്ചേസ്<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-27 |
| 29 | വിനിയോഗവിവരങ്ങളില്ല- ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-28 |
| 30 | മഞ്ഞിപ്പുഴശ്ശേരി കോളനി റോഡ് - മെയിന്റനൻസ് -<br>Written By: Mini.P.Radhakrishnan (Audit Officer, On 29-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-29 |
| 31 | എയറോബിക് ബിൻ യൂണിറ്റ് -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Mini.P.Radhakrishnan (Audit Officer, On 29-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-30 |
| 32 | മരുന്നുകൾ KMSCLൽ നിന്നും പൂർണ്ണമായും ലഭ്യമായില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-31 |
| 33 | ടാർവീപ്പയുടെ വിലയിനത്തിൽ ഈടാക്കിയ 26656/-രൂപ തനതുഫണ്ടിൽഒടുക്കി.<br>Written By: Mini.P.Radhakrishnan (Audit Officer, On 29-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-32 |
| 34 | അംഗൻവാടികളിലെ അടിസ്ഥാന സൌകര്യങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 29-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 1-33 |
| 35 | ലൈഫ് പദ്ധതി- അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 29-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-06-2022) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022) | 4-8 |

| | | |
|---|---|---|
| | Last Updated By: Mini.P.Radhakrishnan (Audit Officer, On 25-06-2022) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 24-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 09-03-2020ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം നം.1(1) പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 245016752 | 236685630 |
| വാർഷിക കണക്ക് പ്രകാരം<br>(റസീറ്റ് ക്&പേയ്മെന്റ് അക്കൌണ്ട് പ്രകാരം) | 92482214 | 96316980 |

ബജറ്റും വാർഷിക കണക്കുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | ഇ-സബ്മിഷൻ മുഖാന്തിരം<br>(02/07/2022) |

സംസ്ഥാന തലത്തിൽ സാങ്കേതിക ക്രമീകരണങ്ങൾ വരുത്തുന്നതിൽ കാലതാമസം നേരിട്ടതു മൂലം ഗ്രാമ പഞ്ചായത്തിന് വാർഷിക ധനകാര്യ പത്രിക 02.07.2022-ൽ മാത്രമാണ് എയിംസിൽ ഇ-സബ്മിറ്റ് ചെയ്യാൻ സാധിച്ചത്.

## 1-2-1 വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ

05-10-2020 ൽ ILGMS എന്ന ഇന്റഗ്രേറ്റഡ് സോഫ്റ്റ് വേറിലാണ് സ്ഥാപനം ദൈനംദിന, പ്രതിമാസ, വാർഷിക കണക്കുകൾ തയ്യാറാക്കുന്നത്. പാസ്റ്റ് ഡേറ്റാ എൻട്രിയായി സംഖ്യയിൽ നിന്നും ILGMS ലെക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ കണക്കുകൾ സമയപരിമിതി മൂലം പൂർണ്ണമായും പരിശോധിക്കാനായിട്ടില്ല. 2019-20വാർഷിക റിപ്പോർട്ടിന്റെ ഭാഗമായി 1-2-1 ആയി ചൂണ്ടി കാണിച്ചിട്ടുള്ള അപാകങ്ങൾ നിലവിലും പരിഹരിച്ചിട്ടില്ല.

1)അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാൻ നിർദ്ദേശിച്ചിരുന്ന തുകകൾ സുലേഖ സോഫ്റ്റവേറിൽ പ്രോജക്റ്റ് തയ്യാറാക്കി ഉൾപ്പെടുത്തിയപ്പോൾ മൂന്ന് പ്രോജക്റ്റുകൾ പ്രകാരം തുക ഉൾപ്പെടുത്തിയിരിക്കുന്നു.(511000 X3) .എന്നാൽ രണ്ട് ഗഡുവിൽ നിന്നുമാത്രമാണ് ഉറവിടത്തിൽ നിന്നുള്ള കിഴക്കലുകൾ നടത്തിയിട്ടുള്ളത്.

2) പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് ആയിട്ടാണ് ഉൾപ്പെട്ടിട്ടുള്ളത്. മുഴുവൻ വരുമാനവും ഉൾപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

3)ലോണിന്റെ സോഴ്സ് ഡിഡക്ഷൻ സംബന്ധിക്കുന്ന രേഖകൾ തൻവർഷം കൃത്യമായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും മുൻവർഷത്തെ അപാകം പരിഹരിച്ചിട്ടില്ല. ലോൺ വരവ് സംബന്ധിക്കുന്ന വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.ലെഡ്ജർ ബുക്കിൽ(330500201) 4-10-20ൽ വന്ന വരവ്, ചെലവ് തുകകൾ ഏതെല്ലാം ഇനത്തിലുള്ളതാണെന്ന് വിശദീകരിക്കണം.

4)തൊഴിൽ നികുതി-ട്രേഡേഴ്സിന്റെയും സ്ഥാപനങ്ങളുടെയും പ്രൊഫഷണൽസിന്റെയും തൊഴിൽ നികുതി : രജിസ്റ്റർ പ്രകാരം പത്തിലധികം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുടിശ്ശികയുണ്ട്. എന്നാൽ വാർഷിക കണക്കുകളിലെ B-15 പട്ടികയിലിത് ഉൾപ്പെടുന്നില്ല.

5)KURDFC ലോൺ- ബി-5 പട്ടികയിൽ ഉൾപ്പെടുത്തിയ തുകയും (Outstanding Loan) ബി-16 പട്ടികയിൽ ഉൾപ്പെടുത്തിയ തുകയും തമ്മിൽ 1420000 രൂപയുടെ വ്യത്യാസമുണ്ട്. ലഭ്യമായ ലോണിൽ ഗുണഭോക്താവിന് വിതരണം ചെയ്യാത്ത തുകയാണിതെങ്കിൽ ഈ തുക ഉടരുന്ന അക്കൌണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുക.

6)നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറുകൾ നൽകുന്നുണ്ടെങ്കിലും മുൻകൂറുകളായി തന്നെ അവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല. പകരം *പേയ്മെന്റ്* എന്ന നിലക്കാണ് അക്കൌണ്ട് ചെയ്യുന്നത്. ആയതിനാൽ പ്രവർത്തിയുടെ നിർവ്വഹണം , തുകയുടെ വിനിയോഗം എന്നിവ നിരീക്ഷിക്കാനാവില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി തുടങ്ങിയ ഏജൻസികൾക്ക് പണം നിക്ഷേപപ്രവർത്തികൾക്കായി നൽകിയിട്ടുണ്ട്. വിനിയോഗിക്കപ്പെട്ടിട്ടില്ലാത്ത ഈ പണം അഡ്വാൻസ് തുകയായി വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നില്ല.

7)പഞ്ചായത്ത് ദുരിതാശ്വാസനിധിയിലുള്ള തുകയും ( ബി-2 119707) ആയതിന്റെ ബാങ്ക് അക്കൌണ്ടും തമ്മിൽ 608

രൂപയുടെ വ്യത്യാസമുണ്ട്.(A/c നം- 40555100001008) KGB

8)എസ് .ബി.ഐ 30862277730 എന്ന അക്കൌണ്ടിൽ 31-03-20 ൽ 91120രൂപ നീക്കിബാക്കിയുണ്ടെങ്കിലും 3141 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
9)ബി - 8 പട്ടികയിൽ ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. (ഡെപ്പോസിറ്റ്)
10)നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ആയതിനാൽ വിവിധ ഏജൻസികളുടെ പക്കൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാനായില്ല.
11) ഓഡിറ്റിനായി സമർപ്പിച്ചിട്ടുള്ള(ഇ-സബ്മിഷൻ) വാർഷിക കണക്കുകളിലെ R&Pസംക്ഷിപ്തത്തിലെ തുകകൾ R&P ഷെഡ്യൂളുകളിലെ സംക്ഷിപ്തവുമായി വ്യത്യാസപ്പെടുന്നു. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.
12) ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ ഗ്രോസ്സ് ഡെഫിസിറ്റ്, പ്രയർ പീരീഡ് ഇൻകം എന്നിവയിലെ തുകകൾ പരിശോധനക്ക് ലഭ്യമാക്കിയ ഹാർഡ് കോപ്പിയിലും, ഇ-സബ്മിറ്റ് ചെയ്ത സോഫ്റ്റ് കോപ്പിയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.വ്യത്യാസം വിശദീകരിക്കണം

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30055814 |
| വരവ് | 101119776 |
| ആകെ | 131175590 |
| ചെലവ് | 98575744 |
| നീക്കിയിരിപ്പ് | 32599846 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 15629529 | 15629529 | 15628365 | 1164 |
| വികസനഫണ്ട്(എസ്സ.സി.പി) | 0 | 13328157 | 13328157 | 11830766 | 1497391 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 12158000 | 12158000 | 12158000 | |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 0 | 5794792 | 5794792 | 5715775 | 79017 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 17756624 | 17756624 | 11983455 | 5773169 |

.

## 1-5 പദ്ധതി അവലോകനം

2020-21വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|
| 174 | 48165000 | 91 | 63 | 20 | 52.24% |

## 1-6 തൊഴിലുറപ്പ് പദ്ധതി

.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 486289 | 1579909 | 2066198 | 1860271 | 205927 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 58022000 | 58022000 | 58022000 | |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 63240 | 70 |
| കർഷകതൊഴിലാളി പെൻഷൻ | 16924800 | 824 |
| വിധവാപെൻഷൻ | 28072900 | 1567 |
| വാർദ്ധക്യകാലപെൻഷൻ | 51465500 | 3250 |
| വികലാംഗപെൻഷൻ | 7246200 | 389 |
| അവിവാഹിത പെൻഷൻ | 1611000 | 86 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ റിപ്പോർട്ട്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.6.2022ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10389/--രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. . പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല.

3 പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4.റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

## 1-10 വസ്തുനികുതി - കേന്ദ്രീകൃത ശീതീകരണ സംവിധാനം ഏർപ്പെടുത്തിയ വിവരം കെട്ടിടഉടമ ഗ്രാമപഞ്ചായത്തിനെ അറിയിച്ചില്ല- അടിസ്ഥാനവസ്തുനികുതിയിലെ വർദ്ധനവ് ബാധകമാക്കിയില്ല

ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറവിസ്തൃതിയിലോ ഉപയോഗക്രമത്തിലോ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും ബാധകമാക്കേണ്ട ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരുമാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.(കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങളിലെ ചട്ടം-17(1)).കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സംഗതിയിലും വാസ്തവവിരുദ്ധമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ റിട്ടേൺ സമർപ്പിക്കുന്ന സംഗതിയിലും ചട്ടം12(6) പ്രകാരം സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്ഥലസന്ദർശനം നടത്തി കെട്ടിടത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് ചട്ടങ്ങൾ പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 8 പ്രകാരം കേന്ദ്രീകൃത ശീതീകരണ സംവിധാനം ഉള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10 % വർദ്ധനവ് വരുത്തേണ്ടതാണ്.ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ വരുത്തേണ്ട വർദ്ധനവിന് ബാധകമാക്കേണ്ട കേന്ദ്രീകൃത ശീതീകരണ സംവിധാനം ഉണ്ടായിരുന്നുവെന്ന് സ്ഥലപരിശോധന നടത്തി സെക്രട്ടറി രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-13/20-21) . എന്നാൽ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ പ്രകാരം കെട്ടിടങ്ങൾക്ക് കേന്ദ്രീകൃത ശീതീകരണ സംവിധാനം ഇല്ല. കെട്ടിടത്തിന്റെ വിവരങ്ങളും അടിസ്ഥാന വസ്തുനികുതിയിൽ കേന്ദ്രീകൃത ശീതീകരണസംവിധാനത്തിന്റ അടിസ്ഥാനത്തിൽ ഏർപ്പെടുത്തേണ്ട വർദ്ധനവും സംബന്ധിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ | കെട്ടിട നം./ | തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി | അടിസ്ഥാന വസ്തുനികുതിയിൽ |
|---|---|---|---|---|

| നം | കെട്ടിട ഉടമയുടെ പേര് | | നിരക്ക് | വരുത്തേണ്ടവർദ്ധനവ് |
|---|---|---|---|---|
| 1 | 7/273 A<br>സോജൻ കോശി, കോശി ബോസ്<br>കളീക്കൽ | 434.7 ച.മീ | 50/ച.മീ | 2173.5 |
| 2 | 7/273 B<br>സോജൻ കോശി, കോശി ബോസ്<br>കളീക്കൽ | 495.63 ച.മീ | 50/ച.മീ | 2478.15 |

വസ്തുനികുതി പുനനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി- മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് ബാധകമാക്കിയ അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ചില കെട്ടിടങ്ങൾ ഒഴിവാക്കപ്പെട്ടു

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്,സിമന്റ് ,മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയായിട്ടുണ്ട്. തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്- കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തൃതി | കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി | ലഭിക്കേണ്ട നികുതി വർദ്ധനവ് |
|---|---|---|---|---|
| 1 | ശ്രീകുമാർ , നാവോലിൽ ശ്രീപദം<br>സുനിൽകുമാർ ഗുരുഭവനം<br>തെക്കേമങ്കുഴി<br>17/1/A | 3036.91<br>വസ്തുനികുതി നിരക്ക്- 20/ച.മീ | 60738.2 | 9110.73 |
| 2 | പ്രസിഡന്റ്<br>സെന്റ് മേരീസ് ചാരിറ്റബിൾ ട്രസ്റ്റ്<br>കട്ടച്ചിറ<br>20/2A | 259.21<br>നിരക്ക്-70 | 18144.7 | 2721.70 |
| 3 | എം.കെ സോമൻ, വൽസല<br>ശ്രീനാരായണാലയം<br>4/170 B | 255.84<br>നിരക്ക്-70 | 17908.8 | 2686.33 |
| 4 | സോജൻ കോശി, കോശി ബോസ്<br>കളീക്കൽ<br>7/273 A | 434.7 ച.മീ<br>നിരക്ക്-50 | 21735 | 3260.25 |
| 5 | സോജൻ കോശി, കോശി ബോസ് | 495.63 ച.മീ<br>നിരക്ക്-50 | 24781.5 | 3717.22 |

| | | | | |
|---|---|---|---|---|
| | കളീക്കൽ<br>7/273 B | | | |

വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-12 അനധികൃത നിർമ്മാണം -പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സെക്രട്ടറിയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള നിർമ്മാണമോ പുനനിർമ്മാണമോ കേരള പഞ്ചായത്ത് രാജ് നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് നിർമ്മിതികളെ ക്രമവൽക്കരിക്കാവുന്നതാണ്. (കേ.പ.രാജ് നിയമം 235W (liii)) . മേൽ വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത അനധികൃത കെട്ടിടങ്ങളെ വകുപ്പ് 235 AA അനുസരിച്ച് നികുതി ചുമത്തുന്നതിന് (നിയമാസനസൃതമെങ്കിൽ ഈടാക്കാവുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേരുന്ന തുക) പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ അധിക നിർമ്മിതി ഗ്രമപഞ്ചായത്ത് അറിഞ്ഞു നടപടി സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്ന വിസ്തൃതിയിൽ നിന്നും വ്യത്യസ്തമായി കെട്ടിടങ്ങളോട് കൂട്ടി ചേർക്കലുകളും അധിക നിർമ്മാണങ്ങളും ഉണ്ടാകുന്ന നിരവധി സാഹചര്യങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന്സ്ഥല പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയ ചില കെട്ടിടങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ട്രസ്സ് വർക്ക് ചെയ്ത് വാണിജ്യാവശ്യത്തിനുപയോഗപ്പെടുത്തുന്ന ഓപ്പൺ ടെറസ് ഭാഗത്തെ ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിട ഉടമയുടെ കെട്ടിടങ്ങളുടെ ഓപ്പൺ ടെറസിന്റെ ഭാഗം (രണ്ടം നിലയിലെ സ്റ്റയർ റൂമിനോട് ചേർന്ന്) ട്രസ്സ് വർക്ക് ചെയ്ത് ഉപയോഗിച്ചുവരുന്നുവെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഫീൽഡ് തല അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട് .(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-13/20-21). സഞ്ചയഡേറ്റാബേസ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം./<br>കെട്ടിട ഉടമയുടെ പേര് | തറവിസ്തൃതി |
|---|---|---|
| 1 | 7/273 A<br>സോജൻ കോശി, കോശി ബോസ്<br>കളീക്കൽ | 434.7 ച.മീ |
| 2 | 7/273 B<br>സോജൻ കോശി, കോശി ബോസ്<br>കളീക്കൽ | 495.63 ച.മീ |

ടി കെട്ടിടങ്ങളുടെ ഓപ്പൺ ടെറസ് ഭാഗം (431.49ച.മീറ്റർ) കെട്ടിട ഉടമ ഉപയോഗയോഗ്യമായ രീതിയിൽ ചുവരുകൾ മറച്ച് ,ട്രസ്സ് വർക്ക് ചെയ്ത് നിർമ്മാണം നടത്തി ഉപയോഗിക്കുന്നുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അധികമായി നിർമ്മാണം നടത്തപ്പെട്ട കെട്ടിട ഭാഗത്തെ വസ്തുനികുതി ചുമത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. വസ്തുനികുതി പുനനിർണ്ണയിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

2)കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിന് ശേഷം പാർക്കിംഗ് ഏരിയ എന്ന നിലക്ക് കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ സെല്ലാർ നില വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു.

ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ നാലാം വാർഡിൽ സ്ഥിതി ചെയ്യുന്ന 4/449 B എന്ന കെട്ടിടത്തിൽ ഇരുചക്രവാഹനങ്ങളുടെ വിൽപ്പനയും സർവ്വീസും നടത്തുന്ന AST TVS എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ബിന്ദു തങ്കച്ചൻ വർഗ്ഗീസ്, വിളയിൽ വെങ്ങാലിൽ എന്നയാളുടെ പേരിലുള്ള ഈ കെട്ടിടത്തിന്റെ സെല്ലാർ നിലയിൽ 93.08 ചതുശ്രമീറ്റർ ഭാഗം വർക്ക്ഷോപ്പ് , സ്പെയർ പാർട്ട് സ്റ്റോക്ക് ചെയ്യൽ തുടങ്ങിയ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായും തോമസ്സ് പാലമൂട്ടിൽ എന്നവ്യക്തിയാണ് ഈ ഭാഗം ഉപയോഗിക്കുന്നതെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-20

/29-06-22 നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പാർക്കിംഗ് ഏരിയായി നിയമാനുസൃതം നീക്കിവെക്കേണ്ട സ്ഥലം ഉറപ്പാക്കി, പാർക്കിംഗ് ഏരിയയി കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ ഭാഗത്തെ വാണിജ്യാവശ്യം എന്ന നിലക്ക് വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്യേണ്ടതാണ്. നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 ആശുപത്രി കെട്ടിടം എന്ന നിലക്ക് സഞ്ചയയിൽ ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടം ലോഡ്ജിംഗ് കെട്ടിടം എന്ന നിലയിൽ പ്രവർത്തിക്കുന്നു.

ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ നാലാം വാർഡിൽ 4/436എന്ന നമ്പരിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടം സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ബിനു ജോർജ് , പ്ലാവിളയിൽ എന്നയാളുടെ പേരിലുള്ള ആശുപത്രി കെട്ടിടമാണ്. എന്നാൽ നിലവിൽ ഈ കെട്ടിടം ആശുപത്രി എന്ന നിലക്ക് പ്രവർത്തിക്കുന്നില്ലായെന്നും താമസ്സത്തിനായി വാടകക്ക് നൽകിയിരിക്കുകയാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-14/20-21 നുള്ള മറുപടിയായി സ്ഥലപരിശോധന നടത്തി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 4/436 എന്ന കെട്ടിടത്തിന്റെ സഞ്ചയ പ്രകാരമുള്ള വിസ്തൃതി 145 ച.മീറ്ററാണ്. എന്നാൽ ഇതേ ഉടമയുടെ പേരിൽ ആശുപത്രി എന്ന ഉപയോഗക്രമത്തിലുള്ളതുമായി 4/435 എന്ന കെട്ടിടത്തിന്റെ വിസ്തൃതി 256 ച.മീറ്ററാണ് . കെട്ടിടത്തിന്റെ വിസ്തൃതി പുനപരിശോധിച്ച് ലോഡ്ജിംഗ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടം എന്ന നിലക്ക് ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി ചുമത്തപ്പെടാത്ത നിരവധി ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നത് തനത് വരുമാനചോർച്ചക്കിടയാക്കുന്നു.

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായി ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ലെ സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

കെട്ടിട നിർമ്മാണ അനുമതി രജിസ്റ്റർ പ്രകാരം നിർമ്മാണ അനുമതി നേടിയിട്ടുള്ള പത്ത് ടെലികമ്മയൂണിക്കേഷൻ ടവർ ഉടമകൾ ടവറുകളുടെ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയിരുന്നോയെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-7/20-21 പ്രകാരം ഗ്രാമപഞ്ചായത്തിനോട് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യപ്പെട്ടിരുന്നു. ഗ്രാമപഞ്ചായത്ത് ടി അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ അഞ്ച് ടവറുകളുടെ നിർമ്മാണം പൂർത്തീകരിച്ചതായും ചില ടവറുകളുടെ നിർമ്മാണം നടന്നുവരുന്നതായും ചിലതിന്റെ നിർമ്മാണം നടന്നിട്ടില്ലായെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട ടെലികമ്മയൂണിക്കേഷൻ ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷന്റെ പേര് | തപാൽ നം | പെർമ്മിറ്റ് നം | സർവ്വെ നം/വില്ലേജ് |
|---|---|---|---|---|
| 1 | റിലയൻസ് ജിയോ | 7910/19-09-19 | A2BA2 91099 | 406/12-2 കറ്റാനം |
| 2 | റിലയൻസ് ജിയോ | 1773/17-12-20 | A2 BA13528 | 513/1 കറ്റാനം |
| 3 | റിലയൻസ് ജിയോ | 1880/24-12-20 | A2BA13075 | 480/7 ഭരണിക്കാവ് |
| 4 | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രോസ്ടക്ചർ | 3048/29-04-21 | A2 BA183735 | 398/19 ഭരണിക്കാവ് |
| 5 | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രോസ്ടക്ചർ | 3548/21-6-21 | A2BA 147804 | 594/3 ഭരണിക്കാവ് |

വസ്തുനികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി -റോഡ് സൌകര്യം പരിഗണിക്കാതെ വസ്തുനികുതി ചുമത്തിയത് വരുമാന ചോർച്ചക്കിടയാക്കി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. ടി ചട്ടത്തിലെ പട്ടിക -2 കെട്ടിടത്തിലേക്കുള്ള വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴിസൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ പരിശോധനയിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വഴി സൌകര്യത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി സൌകര്യം രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ചുവടെ ചേർക്കുന്ന പട്ടികയിലെ എല്ലാ കെട്ടിടങ്ങൾങ്ങൾക്കും 1.5 മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വഴി സൌകര്യം എന്ന നിലക്കാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ നമ്പരും ഉടമയുടെ പേരും ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | റോഡിന്റെ വിസ്തൃതി |
|---|---|---|---|
| 1 | 3/380 B | രമ്യാരാജ്,രാജഗിരി | 5.1m |
| 2 | 15/429A | മിനി, ദേവിക കരുമ്പോലേത്ത് ഗുരുകൃപ | 8m |
| 3 | 16/108 A | സുനിത് കുമാർ എസ്, കരുംതലക്കൽ | 6.7 M |
| 4 | 2/365 A | അനിൽകുമാർ ,കണ്ടങ്കരപടീറ്റതിൽ | 8 M |
| 5 | 17/78 A | വിശ്വഭംരൻ, കല്യാണി | 5.7 M |
| 6 | 14/66 B | അരുൺകുമാർ ബിന്ദുബാബു, മൂലേതറയിൽ | 6m |
| 7 | 17/471 C | കരുണാകരൻ, വേലങ്ങാട്ടുപടീറ്റതിൽ | 6m |

റോഡ് വിസ്തൃതിക്കനുസൃതമായി കെട്ടിടങ്ങളെ വസ്തുനികുതി ചുമത്തി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-16 ആകെ വിസ്തൃതിക്കനുസൃതമായിട്ടുള്ള വസ്തുനികുതി നിരക്ക് ചുമത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനഉപനികുതിയും സർജ്ജാർജ്ജും ചട്ടങ്ങൾ പ്രകാരം വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് ഗ്രമപഞ്ചായത്ത് നിർണ്ണയിക്കുകയും ഈ നിരക്കുകളെ അടിസ്ഥാനപ്പെടുത്തി സഞ്ചയ സോഫ്റ്റ്വേർ മുഖാന്തിരം വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. വാണിജ്യാവശ്യ കെട്ടിടങ്ങളുടെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിരക്ക് ചുവടെ ചേർക്കുന്നു.

| വാണിജ്യാവശ്യ കെട്ടിടങ്ങളുടെ തരം | നിരക്ക് |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെയുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 30 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിനു മുകളിലുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ,ഗോഡൌൺ | 50 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെയുള്ള സൂപ്പർമാർക്കറ്റുകൾ, മാളുകൾ | 30 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്ററിനു മുകളിലുള്ള സൂപ്പർമാർക്കറ്റുകൾ, മാളുകൾ | 70 |

ഒരേ കെട്ടിട ഉടമയുടെ പേരിൽ ഒരേ കെട്ടിട നിർമ്മാണ അനുമതി പ്രകാരം ഒരേ ദിവസം നികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതി നിരക്ക് ചുമത്താതിരുന്നത് ഗ്രാമപഞ്ചായത്തിന് വസ്തുനികുതി കുറയുന്നതിനിടയാക്കി. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പരുകൾ | ആകെ വിസ്തൃതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വൽസല ശിവശങ്കർ, ശാലിനി ഭവനം | 11/413 B മുതൽ 11/413 F വരെ | 108.43 ച.മീ |
| 2 | സുരേഷ് കുമാർ, ചെമ്പഴന്തിയിൽ | 4/450A മുതൽ 4/450 E വരെ | 286.33 ച.മീ |
| 3 | എം.കെ സോമൻ, വൽസല ,ശ്രീനാരാണാലയം | 4/170 A മുതൽ 4/170 D | 302.76 ച.മീ |

ആകെ വിസ്തൃതിക്കനുസൃതമായി മുഴുവൻ കെട്ടിടഭാഗങ്ങളെയും വസ്തുനികുതി ചുമത്തി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-17 ജീവനക്കാരുടെ തൊഴിൽ നികുതി -വിശദീകരണം ലഭ്യമാക്കിയില്ല

സൌത്ത് മങ്കുഴി കെ.യു.സി.എസ് ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി ലഭിച്ചതായുള്ള രേഖപ്പെടുത്തലുകളില്ല.വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-1/20-21)മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത പക്ഷം തൊഴിൽ നികുതി പിഴ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതി-എല്ലാ സ്ഥാപനങ്ങളെയും സ്ഥാപനങ്ങളിലെ ജീവനക്കാരെയും ഡിമാൻഡ് ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല.ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ പുതിയതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളെയൊന്നും തന്നെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1 ബാർ അറ്റാച്ച്ഡ് ഹോട്ടൽ ജീവനക്കാർ

മെയ്ഫ്ലവർ, ഓലകെട്ടിയമ്പലം

2 മണി ലെൻഡിംഗ് ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

ചെങ്ങന്നൂർ നിധി ലിമിറ്റഡ്, മൂന്നാം കുറ്റി

തിരുകൊച്ചി ഗോൾഡ്, കറ്റാനം

3 സഞ്ചയ ഡേറ്റാ ബേസ് പ്രകാരമുള്ള ഓഡിറ്റോറിയം ഉടമകൾ

| ക്രമ നം | ഉടമ | കെട്ടിട നമ്പർ |
|---|---|---|
| 1 | ബോബി എം | 1/208 |
| 2 | ജോൺ പി.ജെ, പുന്തലതറയിൽ റിനോവില്ല | 4/451 |
| 3 | വേണുഗോപാലൻ നമ്പൂതിരി | 8/422 |
| 4 | ഉമ്മൻ വർഗ്ഗീസ് ഓമന വർഗ്ഗീസ് | 21/73 |
| 5 | കോശി ടൈറ്റസ് സാറാമ്മ ടൈറ്റസ് പുത്തൻപുരക്കൽ | 1/623 A |

തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-19 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി-ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അവയുടെ പേരിനൊപ്പം സൂചിപ്പിച്ച അർദ്ധവർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി | I & II |
| 2 | T M ഹോസ്പിറ്റൽ , കറ്റാനം | I & II |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കറ്റാനം | II |
| 4 | ബി,എസ്.എൻ.എൽ, കറ്റാനം | I & II |
| 5 | കട്ടച്ചിറ KUCS A21 (D) Apcos | II |
| 6 | ഇലിപ്പക്കുളം ക്ഷീരോത്പാദക സഹകരണ സംഘം | I |
| 7 | മുത്തൂറ്റ് മൈക്രോഫിനാൻസ് ലിമിറ്റഡ് | I & II |
| 8 | പള്ളിക്കൽ കെ.യു.സി.എസ് A60(D) Apcos | I & II |
| 9 | സൌത്ത് മങ്കുഴി കെ.യു.സി.എസ് | I & II |
| 10 | പള്ളിക്കൽ നടുവിലേമുറി SCB | I |

വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-1/20-21)മറുപടി ലഭ്യമാക്കിയിൽ , ഏതാനും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കി. അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങളാണ് മുകളിൽ ഉൾപ്പെടുത്തിയത്. തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത പക്ഷം തൊഴിൽ നികുതി പിഴ പലിശ്ശ സഹിതം ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-20 കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങളോ മാവേലി സ്റ്റോറോ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നേടിയല്ല പ്രവർത്തിക്കുന്നത്- തനത് വരുമാനചോർച്ച

The Kerala Panchayat Raj (Issue Of Licence To Factories,trades,Entrepreneurship Activities And Other Services ) Rules Rules 1996 ലെ ചട്ടം 3 പട്ടിക -1 പ്രകാരം റീറ്റെയിൽ റേഷൻ ഷോപ്പുകൾ, സപ്ലൈകോ സ്റ്റോറുകൾ (മാവേലി സ്റ്റോറുകൾ) എന്നിവയുടെ പ്രവർത്തനത്തിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ സപ്ലൈകോ സ്റ്റോറുകളോ റേഷൻ ഷോപ്പുകളോ (കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രം ) ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടിയല്ല പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങളായിരുന്നിട്ടും ടി സ്ഥാപനങ്ങളെ ലൈൻസ് ഫീസ് ചുമത്താത്തതും തൊഴിൽ നികുതി ചുമത്താത്തതും തനത് വരുമാനം നഷ്ടപ്പെടുന്നതിനിടയാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നം | ലൈസൻസിയുടെ പേര് | ARD നം |
|---|---|---|---|
| 1 | 1 | ശ്രീകുമാരി കുഞ്ഞമ്മ | ARD 193 |
| 2 | 2 | സെക്രട്ടറി 965 | ARD 173 |
| 3 | 4 | സെക്രട്ടറി 829 | ARD 187 |
| 4 | 5 | ശ്രീകുമാരി കുഞ്ഞമ്മ | ARD192 |
| 5 | 6 | കെ.എസ്.വിജയകുമാരി | ARD 184 |
| 6 | 7 | സെക്രട്ടറി 829 | ARD 174 |
| 7 | 8 | വിഘ്നേഷ് ദാസ് | ARD 176 |
| 8 | 8 | എ).ഒ.ശാമുവേൽ | ARD 186 |
| 9 | 9 | ഇ.ജി.മാത്യു | ARD 183 |
| 10 | 11 | സെക്രട്ടറി 829 | ARD 175 |
| 11 | 12 | ആരിഫാകുഞ്ഞ് | ARD 194 |
| 12 | 13 | ഉഷാകുമാരി | ARD 182 |
| 13 | 14 | ശിവപ്രസാദ് | ARD 181 |
| 14 | 14 | ജമീലാ ബീവി | ARD 189 |
| 15 | 15 | എസ്.ബീന | ARD 217 |
| 16 | 15 | വിമലമ്മ.ബി | ARD 190 |
| 17 | 16 | സി.ബിന്ദു | ARD 179 |
| 18 | 17 | വി.രാധമ്മ | ARD 191 |
| 19 | 20 | സെക്രട്ടറി 829 | ARD 188 |
| 20 | 20 | സഞ്ചയ് നാഥ് | ARD 180 |
| 21 | 20 | ശ്രീലത | ARD 195 |
| 22 | 21 | കെ.എസ്.സേതുനാഥ് | ARD 178 |
| 23 | 21 | രേണുകാദേവി കുഞ്ഞമ്മ | ARD 218 |

സപ്ലൈകോ മാവേലി സ്റ്റോറും കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങളും നിയമാനുസൃത ലൈസൻസോട് കൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ബഹുമാനപ്പെട്ട പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-21 ടെണ്ടർഫീസ് 95824/- രൂപ ഗ്രാമപഞ്ചായത്ത് തനതുഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

28/9/13 ലെ ജി.ഒ. (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2019-20 വർഷം ഇ -ടെണ്ടർ ചെയ്ത വർക്കുകളുടെ ടെണ്ടർ ഫീ ഇനത്തിൽ43296/ -രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.5 തീയതി 22-06-2022 ന് ലഭ്യമാക്കിയ മറുപടിയിൽ, 2014-15 മുതൽ 2017-18വരെ ടെണ്ടർ ഫീ ഇനത്തിൽ 4,40,207/-രൂപ പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും 2018-19,2019-20 വർഷങ്ങളിലായി 95824/- രൂപ (52528+43296) തനതു ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിംഗിന് നിലവിൽ ( 2020-21 വർഷം മുതൽ)ഇ-ടെണ്ടറുമായി ബന്ധപ്പെട്ട് ഇടപാടുകൾ നടത്തുന്നതിന് എസ്സ്.ബി.ഐ ശാഖയിൽ കറന്റ് അക്കൌണ്ട് ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് . 2018-19 മുതൽ ടെണ്ടർഫീയായി പഞ്ചായത്തിന് ലഭിക്കാനുള്ള 95824/-/ രൂപയും തിരികെ ഈടാക്കി തനത് ഫണ്ടിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ഇ.എം.എസ് ഭവനനിർമ്മാണപദ്ധതിക്കായി ആരംഭിച്ച അക്കൌണ്ടിൽ അവശേഷിക്കുന്ന പണം സംബന്ധിച്ച വിവരങ്ങൾ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലഭ്യമാക്കുന്നില്ല

ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് ഇ.എം.എസ് ഭവനനിർമ്മാണപദ്ധതിക്കായി പള്ളിക്കൽ നടുവിലേമുറി,ഭരണിക്കാവ് സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പ്പതുക തിരികെ ഒടുക്കി. നിലവിൽ സർക്കാർ തിരികെ നൽകേണ്ട പലിശ ബാധ്യതമാത്രമാണ് നിലനിൽക്കുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനായി ആരംഭിച്ചിട്ടുള്ള ലോൺ ഡിസ്ബേർസ്മെന്റ് അക്കൌണ്ടുകളിൽ ചുവടെ ചേർക്കും പ്രകാരം പണം നീക്കിബാക്കിയുണ്ട്.

| ബാങ്കിന്റെ പേര് | അക്കൌണ്ട് നം | നീക്കിബാക്കി | അക്കൌണ്ട് ആരുടെ പേരിൽ |
|---|---|---|---|
| പള്ളിക്കൽ നടുവിലെമുറി SCB നം-965 | 033/09-10 | 59284 (31-03-2022) | പ്രസിഡന്റ് സെക്രട്ടറി |
| ഭരണിക്കാവ് SCB നം- 829 | 4229 | 22,30,025 | എ.എം.ഹാഷിർ |

| | | | |
|---|---|---|---|
| | | (31-03-2013) | പ്രസിഡന്റ് തോമസ് ബേബി സെക്രട്ടറി |

2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ( ഖണ്ഡിക 1-24 ) ബാങ്കുകളിൽ ഉടരുന്ന തുകയുടെ കൃത്യത പാസ്സ്ബുക്ക് അപ്ഡേറ്റ് ചെയ്ത് അറിയിക്കണമെന്ന് ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കത്ത് നൽകി പള്ളിക്കൽ നടുവിലെമുറി SCB നം-965 ൽ ഉടരുന്ന അക്കൌണ്ടിൽ ഉടരുന്ന പണം പലിശ ഉൾപ്പെടെ കൃത്യമാക്കിയിട്ടുണ്ട് ( 31-03-2022 പ്രാബല്യത്തിൽ 59284രൂപ). എന്നാൽ ഗ്രാമപഞ്ചായത്ത് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഭരണിക്കാവ് SCB നം- 829 പാസ്സ് ബുക്ക് അപ്ഡേറ്റ് ചെയ്ത് നൽകുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. വിഷയം കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട് മെന്റിന്റെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതും പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-23 അനുപൂരക പോഷകാഹാര പരിപാടി-വാങ്ങുന്ന ഭക്ഷ്യസാധനങ്ങളുടെ വിലനിലവാരവും ഗുണമേന്മയും ഉറപ്പുവരുത്തുന്നില്ല.

അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ ഭരണിക്കാവ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നീതി സ്റ്റോറിൽ നിന്നുമാണ് വാങ്ങിവരുന്നത്. സാമൂഹ്യ നീതിവകുപ്പിന്റെ 06.08.2019 – ലെ ബി1/493/2019/സാനീവ നം. സർക്കുലർ പ്രകാരം ചില നിബന്ധനകൾക്കു വിധേയമായി സപ്ളൈകോ സ്റ്റോറുകളുടെ NOC കൂടാതെ സർവ്വീസ് സഹകരണ ബാങ്കുകൾ നടത്തുന്ന നീതി സ്റ്റോറുകളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.അപ്രകാരം ചെയ്യുമ്പോൾ പ്രസ്തുത സാധനങ്ങളുടെ വില സപ്ളൈകോ സ്റ്റോറുകളിലെ വിലയ്ക്ക് തുല്യമോ കുറവോ ആയിരിക്കണമെന്ന് ടി സർക്കുലറിൽ പറയുന്നു.എന്നാൽ പല സാധനങ്ങളും സപ്ളൈകോ സ്റ്റോറുകളിലേതിനേക്കാൾ അധിക വിലയ്ക്ക് നീതി സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുള്ളതായി കാണുന്നു.ഇതു സംബന്ധിച്ച് എല്ലാ മാസവും ഒരു തവണയെങ്കിലും CWDO/PO/CDPO/ICDS സൂപ്പർവൈസർ എന്നീ ഉദ്യോഗസ്ഥരിൽ ആരെങ്കിലുമൊരാൾ വിലനിലവാരം പരിശോധിച്ച് പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.ഇപ്രകാരം സൂക്ഷിക്കുന്നില്ലെന്നു മാത്രമല്ല നീതി സ്റ്റോറിൽ നിന്നും സാധനങ്ങൾ വാഹനത്തിൽ അങ്കണവാടികളിലെത്തിക്കുന്ന കരാറുകാരൻ 11.07.2019 തീയതിയിൽ തയ്യാറാക്കി നൽകിയിട്ടുള്ള താരതമ്യ കണക്കാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഇപ്രകാരം ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്ന സ്ഥാപനങ്ങൾക്ക് ഫുഡ് ആന്റ് സേഫ്റ്റി വകുപ്പിന്റെ അംഗീകാരം ഉണ്ടായിരിക്കണമെന്നും സർക്കുലറിൽ നിഷ്കർഷിക്കുന്നു.എന്നാൽ ടി സ്ഥാപനത്തിന് ഫുഡ് ആന്റ് സേഫ്റ്റി വകുപ്പിന്റെ ലൈസൻസ് ലഭിച്ചിട്ടില്ല.ഇക്കാര്യങ്ങളിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.12/25.06.2022) ഐസിഡിഎസ്സ് സൂപ്പർവൈസർ നൽകിയ മറുപടിയിൽ മേൽ സർക്കുലറിലെ വ്യവസ്ഥകൾ സംബന്ധിച്ച് കൃത്യമായ ധാരണ ഉണ്ടായിരുന്നില്ലെന്നും തുടർന്ന് ഇത് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും പറഞ്ഞിരിക്കുന്നു.അങ്കണവാടി കുട്ടികൾക്കു നൽകുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടുന്ന ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ട്.കൂടാതെ മേൽ സർക്കുലറിൽ പറഞ്ഞിട്ടുള്ള നിലയിൽ ഓരോ മാസവും വാങ്ങുന്ന സാധനങ്ങളുടെ വിലനിലവാരവും ഉറപ്പുവരുത്തേണ്ടതാണ്.ഇക്കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-24 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആക്ഷൻപ്ലാൻ 2020-21 പ്രകാരം അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 843 |
| തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികൾ | 424 |
| സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം | 125 |
| തൻവർഷം നടപ്പിലാക്കിയ പദ്ധതികളിൽ പൂർത്തീകരിച്ചവയുടെ എണ്ണം | 424 |
| ആകെ തൊഴിലാളികളുടെ എണ്ണം | 2083 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 381 |
| തൻവർഷത്തെ ആകെ ചെലവ് | 59877245 |
| വേജസ്സ് | 37366524 |

| | |
|---|---|
| മെറ്റീരിയൽസ്സ് | 20650450 |
| ഭരണ ചെലവുകൾ | 1860271 |

## 1-25 വീട് മെയിന്റനൻസ്-വീടിന്റെ കാലപ്പഴക്കം ഉറപ്പുവരുത്തിയിട്ടില്ല

പ്രോജക്ട് നമ്പർ 173/20 (സ്പിൽ ഓവർ) ൽ ഉൾപ്പെടുത്തി ഭവനപുനരുദ്ധാരണത്തിനായി ശ്രീമതി.കമലമ്മ,ഈരിയ്ക്കൽ പുത്തൻവീട് എന്ന ഗുണഭോക്താവിന് ബിൽ നമ്പർ 14/17.02.2021 പ്രകാരം 25000/ രൂപ നൽകിയിട്ടുണ്ട്.സബ്സിഡി മാർഗ്ഗരേഖ പ്രകാരം 8 വർഷത്തിനുമേൽ കാലപ്പഴക്കമുള്ള വീടുകൾക്കു മാത്രമേ ഭവനപുനരുദ്ധാരണത്തിനുള്ള അർഹതയുള്ളൂ.എന്നാൽ ടി ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള 663/A നമ്പർ വീടിന് സഞ്ചയ പ്രകാരം 2019-20 ൽ അസസ്സ് ചെയ്യുമ്പോൾ ഒരു വർഷത്തെ പഴക്കം മാത്രമാണ് ഉള്ളത്.ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.22/29.06.2022) പ്രസ്തുത വീട് 30 വർഷത്തിലേറെ പഴക്കമുള്ളതാണെന്ന് അപേക്ഷക അറിയിച്ചതിന്റെയും വീട്ടിലെ മകൾ ഭിന്നശേഷിയുള്ളത് ആയതിനാലും എ ഇ യുടെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെയും അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയതെന്ന് വിഇഒ മറുപടി നൽകിയിട്ടുണ്ട്.ഇപ്രകാരം ആനുകൂല്യങ്ങൾ നൽകുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-26 ഗുണഭോക്തൃവിഹിതം മാത്രം ചെലവഴിച്ചു-പദ്ധതികളുടെ തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല

2020-21 വർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ തുകകൾ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് കാണുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 126 | കറവപ്പശുക്കൾക്ക് തീറ്റ(എസ്സ്.സി.പി) | 336000 | 105280 |
| 2 | 128 | പോത്ത്കുട്ടി പരിപാലനം(ജനറൽ) | 432000 | 306000 |
| 3 | 129 | മുട്ടക്കോഴി വിതരണം(വനിത) | 459760 | 353320 |

തുടർ വർഷങ്ങളിൽ പദ്ധതി സ്പിൽഓവറായി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും ഗുണഭോക്തൃവിഹിതമായി സ്വീകരിച്ചിട്ടുള്ള തുകകളുടെ വിനിയോഗ വിവരങ്ങൾ ,പദ്ധതിയുടെ ഫലപ്രാപ്തി എന്നിവ അറിയിക്കണമെന്നുംആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.18 തീയതി28-06-2022) മറുപടിയോ,രേഖകളോ ലഭ്യമാക്കിയിട്ടില്ല.തുടർവർഷങ്ങളിൽ സ്പിൽ ഓവറായി മേൽപദ്ധതികൾ നടപ്പാക്കാത്തപക്ഷം, ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 സർക്കാർ മാർഗ്ഗരേഖ ലംഘിച്ച് മരുന്നുകളുടെ ലോക്കൽ പർച്ചേസ്

| പ്രോജക്റ്റ് /നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| അടിയന്തിര ആവശ്യങ്ങൾക്ക് മരുന്ന് വാങ്ങൽ 7/21 | 100000 റോഡിതര സംരക്ഷണഗ്രാന്റ് | 100000 | 3/20-21(49967) 16/20-21(50033) |

അടിയന്തിര ആവശ്യങ്ങൾക്ക് മരുന്ന് വാങ്ങൽ എന്ന പേരിൽ നടപ്പിലാക്കിയ പ്രോജക്റ്റിൽ 100000രൂപയുടെ മരുന്നുകൾ പള്ളിക്കൽ നടുവിലെമുറി SCB ന്റെ നീതി സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| Item | Nos |
|---|---|
| HUMAN MIXTARD 40IU 10 Ml | 394 |

| | |
|---|---|
| CANMARK CREAM 15GM | 47 |
| TOPME 50 | 10000 |
| HUMINSULIN 30/70 | 124 |

പദ്ധതി സബ്സിഡി മാർഗ്ഗരേഖ 7.5.3(1) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നു മാത്രമെ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.(14-02-2018 ലെ സ.ഉ (അ) നം-22/2018 *തസ്വഭവ). സർക്കാർ മാർഗ്ഗനിർദ്ദേശം ലംഘിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-3/*20-21 തീ. 22-06-22 ന് മെഡിക്കൽ ഓഫീസർ നൽകിയ മറുപടി ഇൻസുലിൻ, രക്താതിസമ്മർദ്ദം എന്നിവക്കുള്ള മരുന്നുകളുടെ ക്ഷാമം മൂലമാണ് പള്ളിക്കൽ നടുവിലെമുറി SCB ന്റെ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നുകൾ വാങ്ങിയതെന്ന് മറുപടിലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് കൂടുതലായി നൽകേണ്ട മെഡിസിനുകൾ ആവശ്യത്തിനുള്ള സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പാക്കും വിധം മുൻകൂട്ടി പർച്ചേസ് ചെയ്യേണ്ടതും ലോക്കൽ പർച്ചേസുകൾ ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

## 1-28 വിനിയോഗവിവരങ്ങളില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള താഴെ പറയുന്ന നിക്ഷേപപ്രവൃത്തികളുടെ വിനിയോഗം സംബന്ധിക്കുന്ന വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമം നം | തുക ഒടുക്കിയ സ്ഥാപനം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ചതുക | ഫണ്ടിനം | ബിൽ നം | തീയതി |
|---|---|---|---|---|---|---|
| 1 | KWA | ഗാർഹിക കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 100000 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 27/20-21 | 13-11-20 |

വിനിയോഗവിവരങ്ങൾ ഹാജരാക്കുന്നത് വരെ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 മഞ്ഞിപ്പുഴശ്ശേരി കോളനി റോഡ് - മെയിന്റനൻസ് -

പ്രോജക്റ്റ് നം. S0070/2019/ മഞ്ഞിപ്പുഴശ്ശേരി കോളനി റോഡ് - മെയിന്റനൻസ്
ബിൽ .നം.1/2020-21 തുക400,000/- തീയതി 16-04-2020
ബിൽ .നം.2/2020-21 തുക 306483/- തീയതി 18-04-2020
എം.ബുക്ക്. നം.60/B/19-20
എം.ബുക്ക്. നം.61/B/19-20
കരാറുകാരന്റെ പേര്:-ഷുഹൈബ്.എം.എ

മഞ്ഞിപ്പുഴശ്ശേരി കോളനി റോഡ് - മെയിന്റനൻസ് എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, എസ്റ്റിമേറ്റ് ,എം.ബുക്ക്. എന്നിവ പ്രകാരം (പേജ് നം.1)"Earth Work In Excavation By Mechanical Means........as Directed Within A Lead Of 50m In All Kinds Of Soil" എന്ന ഇനം പ്രവൃത്തി പ്രകാരം 17.696 എം3 മണ്ണ് എടുത്തിട്ടുള്ളതായും ഇതിൽ 7.875 എം3 മണ്ണ് റോഡ് പോർഷൻ (45 മീറ്റർ) ഫില്ല് ചെയ്യുന്നതിനും ബാക്കി നിൽക്കുന്ന 9.82 എം3 മണ്ണ് താഴ്ന്നകിടക്കുന്ന റോഡിന്റെ ഭാഗങ്ങളിൽ ഫില്ല് ചെയ്യാൻ ഉപയോഗിച്ചതായി എം. ബുക്കിൽ അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഐറ്റം 4(1)പ്രകാരം റോഡ് പോർഷൻ ഫില്ല് ചെയ്യുന്നതിനുപയോഗിച്ച മണ്ണിന്റെ അളവിൽനിന്നുംമേൽപ്പറഞ്ഞപ്രകാരം7.875എം3മണ്ണ്കുറവ് ചെയ്താണ് മൂല്യംതിട്ടപ്പെടുത്തിയിട്ടുള്ളത്. എന്നാൽ " Filling Up Low Lying Areas & Water Logged Areas With Local Material .......For Improving The CBR Value Of Subgrade) എന്ന പ്രവൃത്തിക്കായി ബാക്കിയുള്ള 9.82 എം3 മണ്ണ് ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. എം.ബുക്കിൽ 9.82 എം3 മണ്ണ് താഴ്ന്നകിടക്കുന്ന റോഡിന്റെ ഭാഗങ്ങൾ ഫില്ല് ചെയ്യാൻ ഉപയോഗിച്ചുവെന്ന് രേഖപ്പെടുത്തുകയും എന്നാൽ ഈ ഐറ്റത്തിന് മൂല്യം തിട്ടപ്പെടുത്തിയതിൽ കുറവ് ചെയ്യാതിരുന്നതും സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.4തീയതി22-06-2022) ലഭ്യമാക്കിയ മറുപടിയിൽ ലോക്കൽ മെറ്റീരിയൽസ് ഉപയോഗിച്ചല്ല ഫില്ലിംഗ് നടത്തിയതെന്നും,ക്വാറിമക്കാണ് ഉപയോഗിച്ചിട്ടുള്ളതെന്നും ആയതിന്റെ റേറ്റാണ് നൽകിയിട്ടുള്ളതെന്നും അറിയിച്ചു.എന്നാൽ എക്സ്കവേറ്റ് ചെയ്ത 9.82 എം3 മണ്ണ് എപ്രകാരമാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.ആയതിന്റെ വില കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടുമില്ല. ആകയാൽ 9.82 എം3 മണ്ണിന്റെ വില കരാറുകാരനിൽ നിന്ന് ഈടാക്കാത്തതിനാൽ 3924/-(9.81x400)രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. (ഒരു എം3 ന്400/-രൂപ നിരക്കിൽ). ടി തുക കരാറുകാരനിൽനിന്ന് ഈടാക്കാത്തപക്ഷം അധിക ചെലവിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-30 എയറോബിക് ബിൻ യൂണിറ്റ് -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നം.s00150/20
എയറോബിക് ബിൻ യൂണിറ്റ് സ്ഥാപിക്കൽ

എയറോബിക് ബിൻ യൂണിറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബിൽ നം. പ്രകാരം 600094/-രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ, പ്രോജക്ട് ,കരാർരേഖകൾ, എം.ബുക്ക്,ടെണ്ടർ നടപടികളുടെ വിവരങ്ങൾ ഒന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയില്ല. ഫയൽ ലഭ്യമാക്കാത്തതിനാൽ എത്ര യൂണിറ്റുകൾ എവിടെയൊക്കെ സ്ഥാപിച്ചുവെന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല. എയറോബിക് ബിൻ യൂണിറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്(നം.11 തീയതി24-06-2022) മറുപടി ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 600094/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 മരുന്നുകൾ KMSCLൽ നിന്നും പൂർണ്ണമായും ലഭ്യമായില്ല

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-2/20-21 തീയതി-22-06-2022

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ മരുന്നുകൾ പൂർണ്ണമായും KMSCL ൽ നിന്നും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു .

| ക്രമം നം | പ്രോജക്റ്റ് നം | തുക | ബിൽ നം | ഇൻവോയിസ് നം | KMSCLന്റെ പക്കൽ മുടങ്ങിക്കിടക്കുന്ന പണം |
|---|---|---|---|---|---|
| 1 | 2/21 | 400000 | 5/20-21 /7-08-21 | PRF 897 | 96345 |
| 2 | 11/21 | 749997 | 12/20-21 /15-2-21 | PRF 5309 | 491170 |

മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്

## 1-32 ടാർവീപ്പയുടെ വിലയിനത്തിൽ ഈടാക്കിയ 26656/-രൂപ തനതുഫണ്ടിൽഒടുക്കി.

30-10-2017 ലെ സർക്കുലർ നം. 59827/എഫ്.എം/07/ത.സ്വ.ഭ.വ പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാമെന്നും ടാർ വീപ്പ വിറ്റുകിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി) 177/06/ധനം 12-04-2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെപ്പറയുന്ന മരാമത്ത് വർക്കുകളുടെ ടാർവീപ്പയുടെ വിലയിനത്തിൽ കരാറുകാരന്റെ ബില്ലിൽ നിന്ന് ഈടാക്കിയിട്ടുള്ള തുക തനതുഫണ്ട് അക്കൌണ്ടിലാണ് ഒടുക്ക് വരുത്തിയിട്ടുള്ളത്.

| പ്രോജക്ട് നം. | പേര് | ബാരൽവിലയായി ഈടാക്കിയതുക | ബിൽ നം.തീയതി |
|---|---|---|---|
| 44/19-20 | മങ്ങാരം ക്ഷേത്രം-പുലിംവിള റോഡ് റിടാറിംഗ് | 4998(21x238) | 16/20-21തീയതി 7-12-2021 |
| 60/20-21 | കട്ടച്ചിറപ്പള്ളി-ചെറുകര റോഡ് മെയിന്റനൻസ് | 2618(11x238) | 30/20-21തീയതി 19-03-21 |
| 59/20-21 | നാലുകണ്ടത്തിൽ മുക്ക്-കോമ്പലേത്ത് കൊട്ടേൽ റോഡ് മെയിന്റനൻസ് | 5236(22x238) | 29/20-21 തീയതി19-03-21 |
| 28/20-21 | കോയിക്കൽ | 5236(22x238) | 10/20-21തീയതി |

| | | | |
|---|---|---|---|
| | വടക്ക്- മാത്തൻകുളം റോഡ് മെയിന്റനൻസ് | | 27-05-2020 |
| 57/20-21 | കട്ടച്ചിറ എൽ.പി.എസ്സ്- മുട്ടുത്തറ റോഡ് മെയിന്റനൻസ് | 4284((18x238) | 28/2021 തീയതി 19-03-21 |
| 41/19-20 | കോലേലിൽ ജം- കണ്ടത്തിൽ പുത്തൻ വീട് ജം. റോഡ് മെറ്റലിംഗ് | 4284((18x238) | 9/20-21 തീയതി 21-05-2020 |
| | ആകെ | 26656/- | |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 9തീയതി 24-06-2022) മറുപടി ലഭ്യമാക്കിയില്ല. മേൽ സർക്കാർ നിർദ്ദേശം പാലിച്ച് ടാർവീപ്പയുടെ വിലയിനത്തിൽ കരാറുകാരന്റെ ബില്ലിൽ നിന്ന് ഈടാക്കിയിട്ടുള്ള 26656/-രൂപ അതാത് ഫണ്ടിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 അംഗൻവാടികളിലെ അടിസ്ഥാന സൌകര്യങ്ങൾ

ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു .

ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 35 അങ്കണവാടികളിൽ, 26 എണ്ണം സ്വന്തം കെട്ടിടത്തിലും 6 എണ്ണം വാടക കെട്ടിടത്തിലും 3 എണ്ണം പൊതുകെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. . 35 അങ്കണവാടികളിലും ടോയ് ലെറ്റ് സൗകര്യമുണ്ട് . എന്നാൽ ബേബി ഫ്രണ്ട് ലി ടോയിലെറ്റുകൾ അല്ല .21 എണ്ണത്തിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും 35 അങ്കണവാടികളിൽ വൈദ്യുതി സൗകര്യവും ലഭിച്ചിട്ടുണ്ട്. . 29 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാണ് . എല്ലാ അങ്കണവാടികളിലും അടുക്കളക്ക് പ്രത്യേകം മുറിയും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും , ധാന്യസംഭരണികളും ലഭിച്ചിട്ടുണ്ട്. സെന്റർ നം . 3 , 154 എന്നിവ മാതൃകാ അങ്കണവാടികളാണ് . അടിസ്ഥാന സൗകര്യങ്ങളിലൊന്നായ കുടിവെള്ള ലഭ്യത എല്ലാ അങ്കണവാടികളിലും ഉറപ്പ് വരുത്തുന്നതിനും മറ്റ് അടിസ്ഥാന , പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-34 ലൈഫ് പദ്ധതി- അവലോകനം

1 ) 2020-21 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2020-21 | 14 | 63 | 07 | 01 | 07 | 02 |

02 ) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2020-21 | 3220000 | 300000 | 200000 | 1827790 | 1000000 | 6547790 |

3)ആകെ ചെലവഴിച്ച തുകയുടെ കണക്ക് (എസ്സ് സി)

| വർഷം | പദ്ധതി വിഹിതം | ബ്ളോക്ക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2020-21 | 4631380 | 698620 | 0 | 0 | 0 | 5330000 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 5,00,000 | സ്വാന്തന പരിചരണം | 5,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | ലൈഫ് (ജനറൽ) സ്പിൽ ഓവർ | 3,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 12,00.000 | ലൈഫ് (ജനറൽ) | | 12,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | ലൈഫ്(എസ്സ്.സി.പി) സ്പിൽ ഓവർ | 3,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ലൈഫ്(എസ്സ്.സി.പി) | 100000 | |
| ബ്ലോക്ക് പഞ്ചായത്ത് | 1000000 | പകൽവീട് മെയിന്റനൻസ് | 1000000 | |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | പാലിന് സബ്സിഡി | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 698620 | ലൈഫ്(എസ്സ്.സി.പി) | 598620 | 100,000 |
| ജില്ലാ പഞ്ചായത്ത് | 200000 | അംഗൻവാടി അനുപൂരകപോഷകാഹാരം | 100000 | 100000 |
| ജില്ലാ പഞ്ചായത്ത് | 300000 | ഭിന്നശേഷി സ്കോളർഷിപ്പ് | 300000 | |
| ജില്ലാ പഞ്ചായത്ത് | 200000 | അനുപൂരകപോഷകാഹാരം (സ്പിൽ ഓവർ) | 100000 | 100000 |
| ജില്ലാ പഞ്ചായത്ത് | 25,00,000 | കുടുബാരോഗ്യകേന്ദ്രം- (സ്പിൽ ഓവർ) | 25,00,000 | |
| ജില്ലാ | 15,00,000 | ലൈഫ്(എസ്സ്.സി.പി) | 0 | 15,00,000 |

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| ജില്ലാ പഞ്ചായത്ത് | 8,00,000 | ലൈഫ് (ജനറൽ) | 2,00,000 | 6,00,000 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം/ ചെക്ക്.നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | | 2643732 | 2643422 | |
| കെ.ഡബ്ല്യൂ.എ | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 120000 | 100000 | 20000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

2020-21വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ 18,27,790 രൂപ വരവുണ്ട്. ഉറവിടത്തിൽ നിന്നും കിഴിക്കലായി 16,54,314 രൂപ വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.വർഷാവസാനമുള്ള ലോണിനത്തിലെ ബാധ്യത 1,02,87,957 ആണ്. വാർഷിക കണക്കുകളിലെ പിശക് പരിഹരിക്കാത്തത് കാരണം ഇത് തെറ്റായിട്ടാണ് വാർഷിക കണക്കുകളിൽ കാണുന്നത്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101119776 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 98575744 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | 3924 |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,00,094 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-29 | 3924 | ജോൺസി ജോർജ്,അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-28 | 100000 | ഹരികുമാർ.കെ.ബി., സെക്രട്ടറി |
| 1-30 | 600094 | ജോൺസി ജോർജ്,അസിസ്റ്റന്റ് എൻജിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഹരികുമാർ കെ.ബി സെക്രട്ടറി | 31-03-21 ൽ സേവനത്തിൽ നിന്നും വിരമിച്ചു | കൊല്ലൂർ വീട് കൊയ്യള്ളികാരായ്മ ഓലകെട്ടിയമ്പലം പി.ഒ |
| ജോൺസി ജോർജ്,അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, LSGD മരാമത്ത് വിഭാഗം, ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് | കൊയ്പ്പള്ളിത്തറയിൽ, എരമത്തൂർ പി.ഒ മാന്നാർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5/1832/11/02.02.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5/1577/13/22.05.14 |
| 2010-11 | എൽ.എഫ്.എ.പി.6/21/2013/20.06.13 |
| 2011-12 | എൽ.എഫ്.എ.പി6/1007/14/08.10.14 |
| 2012-13 | എൽ.എഫ്.എ.പി.6/234/15/04.04.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി/പി6/1615/15/23.01.15 |

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി6/829/2016/29.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി6/1454/16 തീയതി:14-12-2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി6/988/2017 തീയതി.22.07.17/03.08.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി6/63/2019 തീയതി.15/01/2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി6-806/2020<br>04-01-2021 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി-6-215/2022<br>27-03-2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്